"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കോട്ടയം ജില്ലയിലെ പൂവത്തോട് സെന്റ് തോമസ് യു പി സ്കൂളിലെ എൽ.ജി. ഹിന്ദി ടീച്ചർ ആയ സിസ്റ്റർ ദീപമോൾ മാത്യുവിന്റെ റിവിഷൻ ഹർജി തീർപ്പാക്കികൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എസ് സി ) വകുപ്പ്

G.O.(Rt) No.3382/2022/GEDN തീയതി,തിരുവനന്തപുരം, 03-06-2022

---

പരാമർശം:-

1. 18.08.2020 ലെ സ.ഉ.(സാധാ) നം. 2452/2020/പൊ.വി.വ നമ്പർ ഉത്തരവ്
2. 05.03.2022 തീയതിയിൽ ശ്രീമതി. ദീപമോൾ മാത്യു സമർപ്പിച്ച റിവിഷൻ ഹർജി
3. 24.03.2022 ലെ സ.ഉ.(സാധാ) നം. 1979/2022/പൊ.വി.വ നമ്പർ ഉത്തരവ്

**ഉത്തരവ്**

പരാമർശം 1 ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിലെ പൂവത്തോട്ടു സെന്റ് തോമസ് യു.പി സ്കൂളിലെ എൽ.ജി ഹിന്ദി ടീച്ചർ ആയ സിസ്റ്റർ ദീപമോൾ മാത്യുവിന് 2020-21 അദ്ധ്യയന വർഷം നിയമനം നടത്തുന്നതിന് വയസ്സിളവ് അനുവദിച്ചു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് 2021-22 വർഷത്തേക്ക് കൂടി പ്രാബല്യമുള്ളതാക്കണമെന്ന് ആവശ്യപ്പെട്ട് സിസ്റ്റർ ദീപമോൾ മാത്യു പരാമർശം 2 പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. കോട്ടയം, പൂവത്തോട് സെന്റ് തോമസ് യു.പി സ്കൂളിലെ ഹിന്ദി അദ്ധ്യാപികയായ സിസ്റ്റർ ദീപമോൾ മാത്യുവിന് 2020-21 അക്കാദമിക് വർഷത്തിൽ ശമ്പള സ്കെയിലിൽ നിയമനം നടത്തുന്നതിന് പരാമർശം 1 ഉത്തരവ് പ്രകാരം സർക്കാർ വയസ്സിളവിന് അനുമതി നൽകിയിരുന്നു. പാലാ വിദ്യാഭ്യാസ ജില്ലയിലെ ഭരണങ്ങാനം സെൻറ് മേരീസ് എച്ച്.എസ്.എസ്. ൽ 30/04/2020- ൽ ഉണ്ടായ വിരമിക്കൽ ഒഴിവിൽ 03/09/2020 മുതൽ എൽ.ജി. (എഫ്.റ്റി.) ഹിന്ദി തസ്തികയിൽ ശമ്പള വ്യവസ്ഥയിൽ സിസ്റ്റർ ദീപാ മോൾ

മാതൃവിനെ പാലാ രൂപതാ കോർപ്പറേറ്റ് മാനേജർ നിയമിക്കുകയും, നിയമന ഉത്തരവ് അംഗീകാരത്തിനായി സമന്വയ മുഖേന സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ 22/01/2021 തീയതിയിലെ ജി.ഒ.(എം.എസ്) നം.28/2021/പൊ.വി.വ. നമ്പർ ഉത്തരവിൽ സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ 2020-21 വർഷം ഉണ്ടായ അനദ്ധ്യാപകരുടെയും പ്രഥമാദ്ധ്യാപകരുടെയും ഒഴികെയുള്ള അദ്ധ്യാപക ഒഴിവുകൾ നികത്താതെ തുടരേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിൻ പ്രകാരം അദ്ധ്യാപക നിയമനം അനുവദനീയമല്ല എന്ന കാരണത്താലും പ്രസ്തുത പ്രൊപ്പോസൽ പാല ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

4. തുടർന്ന് 06/07/2021 ലെ സ.ഉ.(സാധാ) നം. 3287/2021/പൊ.വി.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 15/07/2021 മുതൽ വീണ്ടും മേൽപടി ഒഴിവിൽ സി.ദീപാമോൾ മാതൃവിനെ മാനേജർ നിയമിച്ചു. എന്നാൽ ടിയാൾക്ക് 01/01/2021 പ്രകാരം 43 വയസ്സ് പൂർത്തിയായിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷം നിയമനം നടത്തുന്നതിന് വയസ്സിളവ് അനുമതി ഇല്ലാത്തതിനാൽ ടി നിയമനം പാല ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകുകയാണ് ചെയ്തത്.

5. സർക്കാർ ഈ വിഷയം പരിശോധിച്ചു. പാലാ രൂപതയുടെ മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളിൽ എൽ.ജി (ഹിന്ദി) തസ്തികയിലെ നിയമനത്തിനായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം സിസ്റ്റർ ദീപാമോൾ മാതൃവിന് വയസ്സിളവ് അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 അദ്ധ്യയന വർഷം സ്കൂൾ തുറക്കാതെ പോയതിനാലാണ് അപേക്ഷകക്ക നിയമനം ലഭിക്കാതെ പോയത്. അതിനാൽ ഈ പ്രത്യേക സാഹചര്യം പരിഗണിച്ചു കോട്ടയം ജില്ലയിലെ പൂവത്തോട്ട സെന്റ് തോമസ് യു.പി സ്കൂളിലെ എൽ.ജി.ഹിന്ദി ടീച്ചർ ആയ സിസ്റ്റർ ദീപമോൾ മാതൃവിന് 2022-23 അധ്യയന വർഷത്തിൽ നിയമനം നൽകുന്നതിനായി വയസ്സിളവ് അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
UNDER SECRETARY

പകർപ്പ് :-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലാ

സിസ്റ്റർ ദീപമോൾ മാത്യു, എൽ.ജി.എഫ്.ടി (ഹിന്ദി), സെന്റ് മേരീസ് എച്ച്.എസ്.എസ്. ഭരണങ്ങാനം പി.ഒ, കോട്ടയം - 686578

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, പാലാ രൂപത

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Mini.t.r.**
**Date: 03-06-2022 15:36:36**
സെക്ഷൻ ഓഫീസർ